**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 345 — **18 . 3 . 2 0 1 3**-ൽ മറുപടിക്ക്

## മന്ത്രിമാർക്ക് എതിരെയുള്ള വിജിലൻസ് കേസ്സുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി.ജയരാജൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| **(എ)** സംസ്ഥാന മന്ത്രിസഭയിലെ മുഖ്യമന്ത്രി അടക്കമുള്ള എത്ര മന്ത്രിമാർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | **(എ)** സംസ്ഥാന മന്ത്രിസഭയിലെ നാല് മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ് നിലവിലുണ്ട് |
| **(ബി)** ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഈ മന്ത്രിസഭയിലെ അംഗമായ മുഖ്യമന്ത്രി അടക്കമുള്ള ഏതെല്ലാം മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് കേസ്സുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | **(ബി)** ആർക്കുമെതിരായ വിജിലൻസ് കേസ് പിൻവലിച്ചിട്ടില്ല. |
| **(സി)** ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ മന്ത്രിസഭയിലെ അംഗമായ മുഖ്യമന്ത്രി അടക്കമുള്ള ഏതെങ്കിലും മന്ത്രിക്കെതിരെ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ടോ; | **(സി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മന്ത്രി സഭയിലെ അംഗമായ ശ്രീ.പി.ജെ.ജോസഫിനെതിരായി 2 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| **(ഡി)** കോടതി ഉത്തരവിനെ തുടർന്നാണോ മറ്റേതെങ്കിലും പരാതികൾ കിട്ടിയതിന്റെ അടിസ്ഥാനത്തിലാണോ വിജിലൻസ് കേസ്സ് രജിസ്റ്റർ ചെയ്തതെന്ന് വ്യക്തമാക്കുമോ? | **(ഡി)** ബഹുമാനപ്പെട്ട തൃശൂർ എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.പി.ജെ.ജോസഫിനെതിരായ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ